"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് - അച്ചടി വകുപ്പ് -അച്ചടി വകുപ്പിലെ ജീവനക്കാർക്ക് 2021 -2022 സാമ്പത്തിക വർഷത്തെ പെർഫോമൻസ് അലവൻസും, എക്സ് -ഗ്രേഷ്യ അലവൻസും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ്(സി) വകുപ്പ്**

സ.ഉ.(സാധാ) നം.49/2022/SPD തീയതി,തിരുവനന്തപുരം, 05-09-2022

---

പരാമർശം:-

1. 29/03/1989 ലെ സ.ഉ.(കൈ)67/89/ഉ.വി.വ. നമ്പർ ഉത്തരവ്
2. 02/09/2021 ലെ സ.ഉ.(സാ.ധാ.)1151/2021/ഉ.വി.വ. നമ്പർ ഉത്തരവ്
3. അച്ചടിവകുപ്പ ഡയറക്ടറുടെ 11/08/2022 തീയതിയിലെ 8732/2022/ജി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അച്ചടി വകുപ്പിലെ ജീവനക്കാർക്കു 1974 മുതൽ പെർഫോമൻസ് അലവൻസും, 1994 മുതൽ എക്സ് -ഗ്രേഷ്യ അലവൻസും നൽകി വരുന്നുണ്ടെന്നും, 2021 - 22 വർഷത്തെ പെർഫോമൻസ് എക്സ്ഗ്രേഷ്യാ അലവൻസുകൾ അച്ചടി വകുപ്പിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച് നൽണമെന്ന് വിവിധ യൂണിയനുകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും, കോവിഡ് പശ്ചാത്തലത്തിലും സർക്കാരിന്റ അടിയന്തിര പ്രിന്റിങ് ജോലികൾ ജീവനക്കാർ സമയബന്ധിതമായി ചെയ്തു തീർത്തിട്ടുള്ളതാണെന്നും, മേൽ വിഷയങ്ങൾ അനുഭാവപൂർവ്വം കണക്കിലെടുത്തു അച്ചടി വകുപ്പിലെ ജീവനക്കാർക്ക് 2021-22 വർഷത്തെ പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യാ അലവൻസും കഴിഞ്ഞ വർഷം അനുവദിച്ച അതേ നിരക്കിൽ അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പിലെ ജീവനക്കാർക്ക് 2021 -2022 സാമ്പത്തിക വർഷത്തെ പെർഫോമൻസ് അലവൻസും , എക്സ്ഗ്രേഷ്യ അലവൻസും, പരാമർശിത (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, കഴിഞ്ഞ വർഷം അനുവദിച്ച തോതിലുള്ള, അതായത് അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമ ബത്തയുടേയും 10% അല്ലെങ്കിൽ കഴിഞ്ഞ വർഷം ലഭിച്ച അലവൻസിന്റെ 10% ഇതിൽ ഏതാണോ കൂടുതൽ ആതുക പെർഫോമൻസ് അലവൻസായും, എക്സ്ഗ്രേഷ്യ അലവൻസായി 1000/-രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരളം ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ &ഇ)കേരളം ,തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by Bindu V K
Date: 05-09-2022 19:04:43

സ.ഉ.(സാധാ) നം.49/2022/SPD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ